നെടുവത്തൂർ നിയോജകമണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറികൾ

181 (892)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ഹോമിയോ ഡിസ്പെൻസറികൾ ഇനി ആരംഭിക്കുവാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തികവർഷം നെടുവത്തൂരിലെ ഡിസ്പെൻസറി ഇല്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) നെടുവത്തൂർ നിയോജകമണ്ഡലത്തിൽ പവിത്രേശ്വരം പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി നിലവിലുണ്ട്. നടപ്പു സാമ്പത്തികവർഷം ഹോമിയോ ഡിസ്പെൻസറി എവിടെയൊക്കെ ആരംഭിക്കണമെന്ന കാര്യം തീരുമാനമായിട്ടില്ല.

ഹോമിയോ മെഡിക്കൽ ആഫീസർമാരുടെ ഒഴിവ്

182(893)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ മെഡിക്കൽ ആഫീസർമാരുടെ ഒഴിവിലേയ്ക്കായി പി.എസ്.സി. തയ്യാറാക്കിയ റാങ്ക്ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക്ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നറിയിക്കുമോ;

(സി) ഇപ്പോൾ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നും അവ എന്നു മുതൽ ഉണ്ടായതാണെന്നും വ്യക്തമാക്കുമോ;

(ഡി) മെഡിക്കൽ ആഫീസർ നിയമനം സംബന്ധിച്ച് കോടതിയിൽ നിന്നും റാങ്ക് ഹോൾഡർമാർക്കനുകൂലമായ ഉത്തരവുകൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അവ എപ്പോഴൊക്കെയാണെന്നും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(എഫ്) ഒഴിവുകൾ ഉണ്ടായിരുന്നിട്ടും അവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കോടതി നിർദ്ദേശം വരുന്നതുവരെ കാത്തിരിക്കാനുണ്ടായ സാഹചര്യമെന്തെന്നും വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 16.7.'99-ൽ

(ബി) 143 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ ഒഴിവുകളൊന്നും നിലവിലില്ല.

(ഡി)&(ഇ) ഹൈക്കോടതിയിലെ 3328/99 എന്ന ഒ.പി.യിൽ 26101/99 സി.എം.പി. യിലെ 30.6.'99ലെയും 17831/99 എന്ന ഒ.പി. യിൽ 29210/99 സി. എം.പി. യിലെ 15.7.'99 ലെയും ഉത്തരവ് പ്രകാരം യഥാക്രമം 20 ഉം, 40 ഉം മെഡിക്കൽഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.ബി. ക്ക് 14.7.'99 ലും 16.7.'99 ലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ നിലവിലില്ലാതെ കോടതി നിർദ്ദേശ പ്രകാരം റിപ്പോർട്ട് ചെയ്ത വേക്കൻസികളിൽ അഡ്വൈസ് ചെയ്യുന്നത് കോട തിയുടെ അന്തിമ വിധിക്ക് ശേഷം മതിയെന്നും കോടതി നിർദ്ദേശിച്ചിരുന്നു. 3328/99-ാം നമ്പർ ഒ.പി.യിൽ ഇതുവരെ അന്തിമ തീരുമാനമായിട്ടില്ല.

(എഫ്)റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്ന സമയത്ത് ഉള്ള എല്ലാ ഒഴിവു കളും യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും അത് പ്രകാരം അഡ്വൈസ് നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കോടതി നിർദ്ദേശം വരുന്നതുവരെ കാത്തിരുന്നിട്ടില്ല. 1999-2000-മാണ്ടിലെ പദ്ധതി ബഡ്ജറ്റിൽ ഈ സാമ്പത്തിക വർഷം 50 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാനാ വശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ ബഡ്ജറ്റ് പാസ്സാക്കുന്നതിന് മുമ്പ് പ്രസ്തുത ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും, ധനകാര്യ വകുപ്പിന്റെയും, സെക്രട്ടറിമാ രുടെ കമ്മിറ്റിയുടെയും അനുവാദം ലഭിക്കാതെയും, മന്ത്രിസഭാ തീരുമാനമില്ലാ തെയും സാധിക്കുകയില്ല. ഇവയെല്ലാം പൂർത്തിയായശേഷമേ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാനും, പ്രസ്തുത തസ്തിക കൾ നികത്താനുമുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനും കഴി യുകയുള്ളൂ. ഇത് സംബന്ധിച്ച് ഇതുവരെയും തീരുമാനമായിട്ടില്ല.

വിഷചികിത്സാ കേന്ദ്രം

183(894) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോയിസൺ സെന്റർ(വിഷ ചികിത്സാ കേന്ദ്രം) ആരംഭിക്കുന്നതിന് വേണ്ടി 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ എത്ര രൂപ വീതം സർക്കാർ അനുവദിച്ചിട്ടുണ്ട്;

(ബി) മെഡിക്കൽ കോളേജിലെ ഏത് വിഭാഗത്തിൽ ആരുടെയൊക്കെ സഹകരണത്തിലാണ് പ്രസ്തുത സെന്ററുകൾ ആരംഭിക്കുന്നത്;

(സി) ഇതിനോടകം ആരോഗ്യ വകുപ്പിൽ നിന്നും പോയിസൺ സെന്ററിന് വേണ്ടി എത്ര സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്; അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) ആശുപത്രി വികസന സൊസൈറ്റി ഇതിനോടകം എത്ര രൂപ പോയിസൺ സെന്ററിനു വേണ്ടി അനുവദിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly